# <u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

**<u>സ്വയം തൊഴിൽ പദ്ധതിക്കുള്ള ബാങ്ക് ലോൺ സബ്സിഡിക്ക് അപേക്ഷ ക്ഷണിക്കുന്നു.</u>**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ജി.ഒ.(ആർറ്റി) നമ്പർ: 44/12/എസ്ഡബ്ളിയൂഡി തീയതി 23-01-2012 പ്രകാരം ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/ രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫാറത്തോടൊപ്പം 40% മുകളിൽ അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, (ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത്) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0471-2347768 അപേക്ഷാ ഫോറം കോർപ്പറേഷനിൽ നിന്നും നേരിട്ടോ, www.hpwc.kerala.gov.in വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്.**

**അപേക്ഷാ ഫോറം സമർപ്പിക്കേണ്ട വിലാസം:-**
**മാനേജിംഗ് ഡയറക്ടർ,**
**കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ,**
**പൂജപ്പുര -12, തിരുവനന്തപുരം.**

**മാനേജിംഗ് ഡയറക്ടർ**